(ബി) പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(സി) പാലം നിർമ്മാണം നബാർഡ് സഹായത്തോടെ നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 308 ലക്ഷം രൂപ.

(ബി) ഉണ്ട്.

(സി) ഈ പാലം നിർമ്മാണത്തിന് നബാർഡ് സഹായം ലഭ്യമാകുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

നീലേശ്വരത്തെ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പുരോഗതി

72 (3631) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ് മണ്ഡലത്തിലെ നീലേശ്വരത്ത് നിർമ്മിക്കുന്ന റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലത്തിന്റെ പണി നിർത്തി വയ്ക്കാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പണി നിർത്തിവച്ചതുകൊണ്ട് മലയോരമേഖലകളിലെ ജനങ്ങൾക്കും പരിസരവാസികൾക്കും ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഗണിച്ച് പ്രസ്തുത പാലത്തിന്റെ പണി അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ-സി) ഈ പാലത്തിന്റെ നിർമ്മാണ ജോലികൾ നടത്തിവന്ന കരാറുകാരുടെ കീഴിൽ പ്രവർത്തിച്ചിരുന്ന വിദഗ്ദ്ധ സംഘം ചില തർക്കങ്ങളെ തുടർന്ന് ജോലി ഉപേക്ഷിച്ചു പോയതുമൂലം പണി നിർത്തിവയ്ക്കേണ്ടി വന്നു. ഇവർ കരാറുകാർക്കെതിരെ ഹോസ്ദുർഗ്ഗ് മുൻസിഫ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് തീരുമാനമാക്കി എത്രയും വേഗം പാലം പണി പുനരാരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

കുന്ദമംഗലം മണ്ഡലത്തിൽ നടത്തിയ പൊതുമരാമത്ത് പണികൾ

73 (3632) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം മണ്ഡലത്തിൽ നടത്തിയ പൊതുമരാമത്ത് പണികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പ്രവൃത്തിക്കും ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) പണികൾ പൂർത്തിയായവ എത്രയെന്നും ഇനി പൂർത്തീകരിക്കാനുള്ളവ എത്രയെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഇവ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുന്ദമംഗലം പ്രൈമറി ഹെൽത്ത് സെന്ററിനുവേണ്ടി ലബോറട്ടറി ബ്ലോക്കിന്റെ പ്രവർത്തനം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഒരു ലക്ഷത്തിനാല്പത്തി മൂവായിരത്തി ഒരുനൂറ്റി അറുപത്തിയാറ് രൂപ ചെലവായിട്ടുണ്ട്.

(സി&ഡി) കെട്ടിട വിഭാഗത്തിന്റെ കീഴിൽ പൂർത്തിയായത് ഒരെണ്ണം. പൂർത്തിയാക്കാനുള്ളത് ഇല്ല. റോഡുകളും പാലങ്ങളും വിഭാഗത്തിൽ പെരുവഴികടവ് പാലത്തിന്റെ പണികൾ നടന്നുവരുന്നു. കുന്ദമംഗലം അഗസ്ത്യാമുഴി റോഡിന്റെയും (ടെണ്ടർ വിളിച്ചിട്ടുണ്ട്. പണി ഉടൻ ആരംഭിക്കുന്നതാണ്) കൊയിലാണ്ടി താമരശ്ശേരി മുക്കം അരിക്കോട് ഇടവണ്ണ റോഡിന്റെയും താമരശ്ശേരി വരട്ടിയക്കൽ റോഡിന്റെയും പണികൾക്കുള്ള ടെണ്ടറുകൾ വിളിച്ചു കഴിഞ്ഞ് (ടെണ്ടർ സ്ഥിരപ്പെടുത്തി) പണികൾ ആരംഭിക്കുന്നതാണ്.

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ മരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികൾ

74 (3633) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ മരാമത്ത് വകുപ്പ് നടത്തുവാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1. കുന്ദമംഗലം അഗസ്ത്യാമുഴി റോഡ് അഭിവൃദ്ധിപ്പെടുത്തൽ - 13 കി. മീ.

2. കൊയിലാണ്ടി-താമരശ്ശേരി-മുക്കം-അരിക്കോട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ - 14.82 കി. മീ.

3. താമരശ്ശേരി-വരട്ടിയാക്കൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ - 14.65 കി. മീ.

(ബി&സി) ടി പണികൾക്കുള്ള ടെണ്ടറുകൾ വിളിച്ചുകഴിഞ്ഞു. ടെണ്ടറുകൾ ഉറപ്പിച്ച് പണിതുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly